**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മരുതോങ്കര ഗ്രാമപഞ്ചായത്ത്-- കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടന ചടങ്ങിനായി ചെലവായ തുക പഞ്ചായത്തിന്റ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.22/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,
**03/01/2020**

പരാമർശം:--മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്ത് നവകേരളം മിഷന്റെ ഭാഗമായി മരുതോങ്കര പ്രാഥമികാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്നും, ആയതിന്റെ ഉത്ഘാടനം 23/9/2019ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി നിർവഹിച്ചിട്ടുണ്ടെന്നും കുടുംബ ആരോഗ്യകേന്ദ്രത്തിലേക്കുള്ള എല്ലാ സൗകര്യങ്ങളും പൊതുജന പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നതെന്നും ആയതിനാൽ ഉദ്ഘാടന പരിപാടി നടത്തിപ്പിന് വേണ്ടി ചെലവായ 60,040/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്നും മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരുതോങ്കര ഗ്രാമപഞ്ചായത്ത് PHC ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടന ചടങ്ങിനായി ചെലവായ 60,040/- (അറുപത്തിനായിരത്തി നാൽപ്പതു മാത്രം) രൂപ പഞ്ചായത്തിന്റ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡൻറ്/സെക്രട്ടറി, മരുതോങ്കര ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ